ത്തുകൾക്കും ബന്ധപ്പെട്ട ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർമാർക്കുമാണ്. ഭക്ഷണം പാകം ചെയ്ത് അർഹമായ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള ഉത്തരവാദിത്വം വർക്കർക്കും വർക്കറുടെ അഭാവത്തിൽ ഹെൽപ്പർക്കുമാണ്. ആയതിനുണ്ടാകുന്ന ചെലവ് വർക്കർ/ഹെൽപ്പർക്ക് ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ വിതരണം ചെയ്യുന്നതാണ്.

തെരുവു കുട്ടികൾക്കായുള്ള പദ്ധതികൾ

53 (2850) പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. ജോസ് ബേബി :
പി. എസ് സുപാൽ :
പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ തെരുവു കുട്ടികൾക്കായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്;

(ബി) ഇതിൽ കേന്ദ്രസഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാം;

(സി) ഇത്തരത്തിലുള്ള എത്ര കുട്ടികൾക്ക് ഇപ്പോൾ ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചുവരുന്നുണ്ടെന്നു വിശദമാക്കുമോ?

ഉത്തരം

(എ) തെരുവുകുട്ടികൾ ജുവനൈൽ ജസ്റ്റീസ് ആക്ടിന്റെ നിർവ്വചനത്തിൽപ്പെടുന്നതിനാൽ ഇവർക്കുവേണ്ടി ഒബ്സർവേഷൻ ഹോമുകൾ, ജുവനൈൽ ഹോമുകൾ എന്നിവ സാമൂഹ്യക്ഷേമ വകുപ്പ് നേരിട്ട് നടത്തുന്നു. ഇവിടെ കുട്ടികൾക്ക് തൊഴിൽ, വിദ്യാഭ്യാസം നൽകുകയും പുനരധിവാസത്തിന് തൊഴിലധിഷ്ഠിത പരിശീലന സൗകര്യം ചെയ്തുകൊടുക്കുകയും ചെയ്തുവരുന്നു. കൂടാതെ സന്നദ്ധ സംഘടനകളും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും ഇവരുടെ ക്ഷേമത്തിനായി വിവിധ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ജുവനൈൽ ജസ്റ്റീസ് ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കുള്ള കെട്ടിടം നിർമ്മിക്കുന്നതിനും സ്ഥാപനങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള 50 ശതമാനം ധനസഹായം കേന്ദ്ര സർക്കാർ നൽകിവരുന്നു. കൂടാതെ തെരുവു കുട്ടികളുടെ ക്ഷേമത്തിനു വേണ്ടി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റ് നൽകുന്ന ഒരു കേന്ദ്ര പദ്ധതിയും നിലവിലുണ്ട്.

(സി) ഒബ്സർവേഷൻ ഹോമുകളിലും ജുവനൈൽ ഹോമുകളിലുമായി 575 കുട്ടികൾക്ക് പ്രയോജനം ലഭിക്കുന്നുണ്ട്.

സാമൂഹ്യക്ഷേമ ഉപദേശക സമിതി

54(2851) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly